നിലമ്പൂർ ട്രെയിൻ അട്ടിമറി സംഭവത്തെക്കുറിച്ച് സർക്കാർ അന്വേഷണം

9 (*639) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ ട്രെയിൻ അട്ടിമറി സംഭവത്തെക്കുറിച്ച് സർക്കാർ നടത്തിയ അന്വേഷണത്തിൽ എന്തൊക്കെ പ്രാഥമിക നിഗമനങ്ങളിലാണ് എത്തിയത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ സംഭവത്തിൽ രാജ്യത്തിനു പുറത്തുള്ള ഏതെങ്കിലും ഭീകര സംഘടനകളുമായി ബന്ധമുള്ളതായി എന്തെങ്കിലും തെളിവ് ലഭിച്ചിട്ടുണ്ടോ ;

(സി) എഞ്ചിനീയറിംഗ് വിഭാഗത്തിൽ വൈഭവമുള്ളവരുടെ ഉപദേശവും സഹായവും ഈ അട്ടിമറിക്ക് പിന്നിൽ ഉണ്ടായിരുന്നു എന്ന് കരുതുന്നതിനുള്ള തെളിവുകൾ കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) ഇത്തരം കൂടുതൽ വിവരങ്ങൾ കണ്ടെത്തുന്നതിന് ഇക്കാര്യത്തിൽ ഏതുതരത്തിലുള്ള സമഗ്ര അന്വേഷണം നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ;

(ഇ) ഈ സംഭവത്തെക്കുറിച്ച് എൻ.ഐ.എ. അന്വേഷിക്കണമെന്ന നിർദ്ദേശം സർക്കാർ പരിഗണിക്കുന്നുണ്ടോ ;

(എഫ്) ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാർ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് എന്തൊക്കെ നിർദ്ദേശങ്ങളും വിശദീകരണങ്ങളുമാണ് സമർപ്പിച്ചിരിക്കുന്നത് ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ-സി) നിലമ്പൂരിൽ ട്രെയിനിന്റെ ബ്രേക്ക് പൈപ്പുകൾ അറത്തുമുറിച്ച സംഭവത്തോടനുബന്ധിച്ച് ഷെർണ്ണൂർ റെയിൽവേ പോലീസ് Cr. No.38/10U/s.151 ഇന്ത്യൻ റെയിൽവേ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കേസ് പാലക്കാട് സി.ബി.സി.ഐ.ഡി .OCW III -യിലെ ഡിവൈ.എസ്.പി-യുടെ നേതൃത്വത്തിൽ അന്വേഷണം നടന്നുവരുന്നു (CBCID Cr. No440/CR/OCWIII/2010). കേസിന്റെ അന്വേഷണം പ്രാരംഭഘട്ടത്തിലാണ്.

(ഡി-എഫ്) തീവണ്ടിയിൽ നടന്ന ആക്രമണമാകയാലും, തീവ്രവാദ ബന്ധം സംശയിക്കുന്നതിനാലും ഒരു അന്തർസംസ്ഥാന അന്വേഷണം ആവശ്യമാണെന്ന് സർക്കാരിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ഈ കേസിന്റെ അന്വേഷണം എൻ.ഐ.എ ഏറ്റെടുക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly